241

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യേക ട്രിബ്യൂണലുകൾ (അനുപൂരക വ്യവസ്ഥകൾ) ആക്റ്റ്, 1946

(...ലെ 26-ാം നമ്പർ ആക്റ്റ്)

വില 65-80

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറുപ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറു പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.
1981

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യേക ട്രിബ്യൂണലുകൾ (അനുപൂരക വ്യവസ്ഥകൾ) ആക്റ്റ്, 1946

(1946-ലെ 26-ാം നമ്പർ ആക്റ്റ്)

Ke-80

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റുപ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റു പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1981

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

## പ്രത്യേക ട്രിബ്യൂണലുകൾ (അനുപൂരക വ്യവസ്ഥകൾ) ആക്റ്റ്, 1946

(1946-ലെ 26-ാം നമ്പർ)

[1946 നവംബർ, 22]

ക്രിമിനൽ നിയമം ഭേദഗതി ആർഡിനൻസ്, 1943-ൻ കീഴിൽ ഏർപ്പെടുത്തിയ പ്രത്യേക ട്രിബ്യൂണലുകൾ പാസ്സാക്കിയ ശിക്ഷാവിധികളും ഉത്തരവുകളും സംബന്ധിച്ച്, അങ്ങനെയുള്ള ട്രിബ്യൂണലുകൾ പ്രവർത്തനരഹിതമാകുന്നതിൻമേലുള്ള ചില വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള ആക്റ്റ്.

ക്രിമിനൽ നിയമം ഭേദഗതി ആർഡിനൻസ്, 1943 (1943-ലെ 29)-ൻ കീഴിൽ ഏർപ്പെടുത്തിയ പ്രത്യേക ട്രിബ്യൂണലുകൾ പാസ്സാക്കിയ ശിക്ഷാവിധികളും ഉത്തരവുകളും സംബന്ധിച്ച്, അങ്ങനെയുള്ള ട്രിബ്യൂണലുകൾ പ്രവർത്തനരഹിതമാകുന്നതിൻമേലുള്ള ചില വ്യവസ്ഥകൾ ഉണ്ടാക്കുന്നത് സമീചീനമായിരിക്കുകയാൽ;

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. (1) ഈ ആക്റ്റിന്, പ്രത്യേക ട്രിബ്യൂണലുകൾ (അനുപൂരക വ്യവസ്ഥകൾ) ആക്റ്റ്, 1946 എന്ന് പേർ പറയാവുന്നതാണ്. *ചുരുക്കപ്പേരും വ്യാപ്തിയും*

(2) ഇത് 1956 നവംബർ 1-ന് തൊട്ടു മുമ്പ് ഖ ഭാഗം സ്റ്റേറ്റുകളിൽപെട്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. ഈ ആക്റ്റിൽ "പ്രത്യേക ട്രിബ്യൂണൽ" എന്നാൽ, ക്രിമിനൽ നിയമം ഭേദഗതി ആർഡിനൻസ്, 1943 (1943-ലെ 29)-ൻ കീഴിൽ ഏർപ്പെടുത്തപ്പെട്ട പ്രത്യേക ട്രിബ്യൂണലുകൾ എന്നർത്ഥമാകുന്നു. *വ്യാഖ്യാനം*

3. ഏതെങ്കിലും പ്രത്യേക ട്രിബ്യൂണൽ പ്രവർത്തനരഹിതമാകുമ്പോൾ, ഏതെങ്കിലും കേസ്സിൽ അതു പാസ്സാക്കിയ ശിക്ഷാവിധികളും ഉത്തരവുകളും, അങ്ങനെയുള്ള ശിക്ഷാവിധികളോ ഉത്തരവുകളോ സംബന്ധിച്ച് ബാധകമാകുന്ന, ക്രിമിനൽ നടപടി നിയമസംഹിത, 1898-ന്റെ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്ക്, ഏത് സെഷൻസ് കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിലാണോ ആ കേസ്സിൽ ചാർജ്ജ് ചെയ്യപ്പെട്ട കുററങ്ങൾ സംഭവിച്ചിട്ടുള്ളതായി ആരോപിക്കപ്പെടുന്നത്, ആ സെഷൻസ് കോടതിയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഒന്നിലധികം സെഷൻസ് കോടതികൾ ഉണ്ടെങ്കിൽ ഇതിലേക്ക് പ്രത്യേകമായി അവയിൽ ഹൈക്കോടതി അപ്പീലിലോ റിവിഷനിലോ ഹൈക്കോടതിക്ക് ഇതിലേക്ക് പ്രത്യേകമായി കൊടുക്കുന്ന റഫറൻസിലോ നിശ്ചയിക്കാവുന്നത് പാസ്സാക്കിയിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു: *പ്രവർത്തനരഹിതമാകുന്ന പ്രത്യേക ട്രിബ്യൂണലുകളുടെ ശിക്ഷാവിധികളും ഉത്തരവുകളും സംബന്ധിച്ച വ്യവസ്ഥ*

എന്നാൽ, കേസ്സിൽ ചാർജ്ജ് ചെയ്തിട്ടുള്ള കുററങ്ങൾ ഒരു പ്രസിഡൻസി ടൗണിൽ വച്ച് സംഭവിച്ചിട്ടുള്ളതായി ആരോപിക്കപ്പെടുന്നിടത്ത്, സെഷൻസ് കോടതിയെ സംബന്ധിച്ച ഈ വകുപ്പിലെ പരാമർശങ്ങൾക്ക് ചീഫ് പ്രസിഡൻസി മജിസ്ട്രേട്ടിനെക്കുറിച്ചുള്ള പരാമർശങ്ങളായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

4. [റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്റ്റ്, (1950-ലെ 35) 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.] *1946-ലെ 23-ാം ഓർഡിനൻസ് റദ്ദാക്കൽ*

---